## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *191

14.07.2016 -ൽ മറുപടിക്ക്

### റെസ്പോൺസിബിൾ ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എം.കെ. മുനീർ<br>ശ്രീ. ടി.വി. ഇബ്രാഹീം<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.കെ. അബ്ദു റബ്ബ് | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് തദ്ദേശവാസികൾക്ക് ഗുണം ഉറപ്പുവരുത്തുന്ന റെസ്പോൺസിബിൾ ടൂറിസം നടപ്പിലാക്കുന്നതിലുള്ള നയം വ്യക്തമാക്കുമോ; | (എ) ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശ വാസികൾക്ക് സാമ്പത്തിക പ്രയോജനം ഉറപ്പാക്കിയും സാംസ്കാരിക പാരിസ്ഥിതിക ഘടകങ്ങൾ സംരക്ഷിച്ചും സഞ്ചാരികൾക്ക് സന്ദർശിക്കുവാനും തദ്ദേശീയർക്ക് നല്ല രീതിയിൽ ജീവിക്കുവാനും ഉതകും വിധം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ സുസ്ഥിര ടൂറിസം വികസനം ഉറപ്പാക്കുക എന്നതാണ് സംസ്ഥാനത്ത് ഉത്തിരവാദിത്ത ടൂറിസം പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. നിലവിലുള്ള നയം തുടരുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) എങ്കിൽ ടൂറിസം യൂണിറ്റുകൾക്ക് വർഗ്ഗീകരണം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ആയുർവേദ സെന്ററുകൾ, ഹോം സ്റ്റേകൾ, ഹൗസ് ബോട്ടുകൾ, ടൂറിസം ഓപ്പറേറർമാർ തുടങ്ങി എല്ലാ സേവനദായകർക്കും ഘട്ടംഘട്ടമായി പ്രധാന വർഗ്ഗീകരണം (classification) നടപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഹോട്ടലുകളുടെ വർഗ്ഗീകരണത്തിന് ആവശ്യമായ നടപടികൾ |

പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി മറ്റ് ഉത്തരവാദിത്ത ഹോംസ്റ്റേ യൂണിറ്റുകൾ അടക്കം, മറ്റ് സേവനദാതാക്കൾക്കുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം വർഗ്ഗീകരണം, നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

(സി) പ്രസ്തുത നയം നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പം സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ശക്തമായ പ്രചരണ പരിപാടികളും നൂതനമായ ടൂറിസം ഉത്പന്നങ്ങളുടെ വികസനവും പ്രോത്സാഹനവും പുതിയ കേന്ദ്രങ്ങളുടെ വികസനവും നടപ്പാക്കി ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കും.

Anuradha

**സെക്ഷൻ ഓഫീസർ**